**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 129** **19-01-2021 - ൽ മറുപടിയ്ക്ക്**

**ഗതാഗതരംഗത്ത് സംസ്ഥാന താത്പര്യ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. സി. ദിവാകരൻ,<br>ശ്രീ. കെ. രാജൻ,<br>ശ്രീ. വി. ആർ. സുനിൽ കുമാർ** | | **Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി)** | |
| (എ) | വാഹന നികുതി ജി.എസ്.ടി. മാതൃകയിൽ കേന്ദ്ര സർക്കാർ സ്വീകരിച്ച് സംസ്ഥാനങ്ങൾക്ക് പങ്ക് വയ്ക്കുന്ന തരത്തിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്ന് നിർദ്ദേശം വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | 1988 - ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ 88(9)-ാം വകുപ്പ് പ്രകാരം പെർമിറ്റ് എടുത്ത് സർവ്വീസ് നടത്തുന്ന ആൾ ഇന്ത്യാ ടൂറിസ്റ്റ് വാഹനങ്ങൾ അവ പ്രവേശിക്കുന്ന സംസ്ഥാനത്തെ നികുതി അടച്ചാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നത്. എന്നാൽ ഇത്തരം വാഹനങ്ങളുടെ നികുതി കേന്ദ്രം സ്വീകരിച്ച് സംസ്ഥാനങ്ങൾക്ക് വിഹിതം വെക്കുകയും ഈ വാഹനങ്ങൾ യാതൊരു തടസ്സവും കൂടാതെ ഇന്ത്യയിൽ മുഴുവൻ സർവ്വീസ് നടത്തുന്നതിന് അനുവാദം നൽകുന്ന തരത്തിൽ കേന്ദ്രം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഈ നീക്കം സംസ്ഥാനത്തെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഒട്ടനവധി ടൂറിസ്റ്റ് വാഹനങ്ങൾ സംസ്ഥാനത്തേക്ക് സർവീസ് നടത്തി വരുന്നുണ്ട്. ഇതിൽ നിന്നും നല്ലൊരു തുക സംസ്ഥാനത്തിന് റോഡ് നികുതിയായി ലഭിച്ചു വരുന്നുണ്ട്. എന്നാൽ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ടൂറിസ്റ്റ് ബസ്സുകൾ തുലോം കുറവായതിനാൽ ഇത്തരം വാഹനങ്ങളിൽ നിന്നും വളരെ കുറച്ച് തുകയാണ് നികുതിയായി ലഭിക്കുന്നത്. |
| (സി) | കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കുന്നതിനും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള സ്വകാര്യ ബസ് ഓപ്പറേറ്റർമാർ സംസ്ഥാനപാതകൾ കുത്തകയാക്കുന്നത് തടയുന്നതിനും സർക്കാർ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (സി) | കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കുന്നതിനായി നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. മോട്ടോർ വാഹന നികുതി ഇനത്തിൽ കെ.എസ്.ആർ.ടി.സി പ്രതിവർഷം ഒടുക്കി വന്നിരുന്ന ശരാശരി തുകയായ 13 കോടി രൂപ, 2021 മാർച്ച് 31 വരെ ജി.ഒ. (പി). നം. 20/2019/ ഗതാ. തീയതി. 07.6.2019 പ്രകാരം ഒഴിവാക്കി നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ബസ്സുകൾക്ക് ഗ്രീൻ ടാക്സ് ഒടുക്കുന്നതിൽ നിന്നും ജി.ഒ. (പി).65/2020/ഗതാ തീയതി 08.12.2020 പ്രകാരം |

| | | | |
|---|---|---|---|
| | | | ഒഴിവാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് പെർമിറ്റ് ഫീസും, സി.എഫ് ടെസ്റ്റ് പുതുക്കുന്നതിനുള്ള ഫീസും ജി.ഒ. (പി).നം. 64/2020/ ഗതാ. തീയതി. 07.12.2020 പ്രകാരം ഒഴിവാക്കി നൽകിയിട്ടുണ്ട്. അന്തർസംസ്ഥാന ഗതാഗത കരാർ പ്രകാരമാണ് അന്തർസംസ്ഥാന സർവ്വീസുകൾ നടത്തി വരുന്നത്. സ്വകാര്യ ബസ്സുകൾക്ക് അന്തർസംസ്ഥാന പാതകളിൽ സ്റ്റേജ് ക്യാരേജ് സർവ്വീസുകൾ നടത്തുന്നതിന് അനുമതി നൽകിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-ൽ കർണ്ണാടക സംസ്ഥാനവുമായും, 2019-ൽ തമിഴ്നാട് സർക്കാരുമായും അന്തർ സംസ്ഥാന ഗതാഗത കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ ഏത് റൂട്ടിലും സർവ്വീസ് നടത്തുന്നതിന് സ്വകാര്യ ബസ്സുകളെ അനുവദിക്കുന്നതരത്തിൽ കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിനെതിരെയുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട് |
| (ഡി) | റോഡ് വിസ്തൃതി കണക്കിലെടുത്തും റോഡ് ഉപയോഗം കണക്കിലെടുത്തും റോഡ് നികുതി നിശ്ചയിക്കുന്ന രീതിയിലേക്ക് കേന്ദ്രസർക്കാർ നീങ്ങിയാൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ എങ്ങനെ സംരക്ഷിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ